കേരള സർക്കാർ

ഭൂജല ജില്ലാ അതോറിറ്റി, തിരുവനന്തപുരം
2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.1/1188 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.
തീയതി :06.07.2019

ഫോൺ 0471-2331231

e-mail- lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഫീസർ,
ഭൂജല ജില്ലാ അതോറിറ്റി
തിരുവനന്തപുരം

സർ,

വിഷയം: ഭൂജല ജില്ലാ അതോറിറ്റി, തിരുവനന്തപുരം - 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച്.

തിരുവനന്തപുരം ജില്ലയിലെ ഭൂജല ജില്ലാ അതോറിറ്റിയുടെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് താങ്കളുടെ അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായും അയയ്ക്കുന്നു.

വിശ്വസ്തതയോടെ ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്</u>

1) ഡയറക്ടർ, ഭൂജല അതോറിറ്റി, തിരുവനന്തപുരം

2) ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.1/1188 /2019 തീയതി: 06.07.2019

**ഭൂജല ജില്ലാ അതോറിറ്റി, തിരുവനന്തപുരം ജില്ലാ കാര്യാലയത്തിന്റെ 2018-19 വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : ശ്രീ.മുഹമ്മദ് നിസാർ.എ ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച് സമയം | : 18.06.2019 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥയുടെ പേര് | : ശ്രീമതി.ബിന്ദുലത ബി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| നിർവ്വഹണാധികാരികൾ | : ഡോ. ജി. ബിന്ദു, ജില്ലാ ഓഫീസർ |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ആമുഖം

2002 ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട്, 2004 ലെ ചട്ടങ്ങൾ എന്നിവ പ്രകാരം 2004 ൽ സംസ്ഥാന ഭൂജല വകുപ്പിന്റെ നിയന്ത്രണത്തിൽ ജില്ലാ ഭൂജല അതോറിറ്റി നിലവിൽ വന്നു. ജലവിഭവ വകുപ്പ് സെക്രട്ടറി ചെയർമാനായും, ഭൂജല വകുപ്പ് ഡയറക്ടർ സെക്രട്ടറിയായും 13 അംഗങ്ങൾ ഉൾപ്പെട്ടതാണ് അതോറിറ്റി. കേരള സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും, അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന നിയമമാണ് 2002 ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട്.

1-1(i) വാർഷിക കണക്കുകൾ

ഓരോ സാമ്പത്തിക വർഷവും വരവു ചെലവു കണക്കുകൾ അടുത്ത ജൂലൈ 31 നകം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ 2018-19 വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും അത് നിർദ്ദിഷ്ട മാതൃകയിൽ അല്ല തയ്യാറാക്കിയിട്ടുള്ളത്. വരവ്-ചെലവ് എന്നീ രണ്ടു ഭാഗങ്ങളിലായി കണക്കുകൾ തയ്യാറാക്കി, ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലുകളോടെ ഓരോ സാമ്പത്തിക വർഷത്തെയും വരവു ചെലവു കണക്കുകൾ ഓഡിറ്റിനായി ഈ വകുപ്പിലേക്ക് അയച്ചു തരാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

എ) ഭൂജല വികസനത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനും വേണ്ടി പ്രദേശങ്ങൾ വിജ്ഞാപനം ചെയ്യൽ

ബി) ഭൂജലം എടുക്കുന്നതിനും വിനിയോഗിക്കുന്നതിനും പെർമിറ്റ് നൽകൽ

സി) വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്തെ നിലവിലുള്ള കിണറുകളുടെ രജിസ്ട്രേഷൻ

ഡി) ഭൂജല ഉപഭോക്താവിന്റെ രജിസ്ട്രേഷൻ

ഇ) പൊതു കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പ്രത്യേക പരാമർശമില്ല

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അതോറിറ്റിയുടെ ഫണ്ട് വിനിയോഗം അപാകതകൾ

കണ്ടിജന്റ് ബിൽ നം. 237/18-19 പ്രകാരം ഭൂജലവകുപ്പിന് വേണ്ടി ഹൈഡ്രോജിയോളജിസ്റ്റിനെ തെരഞ്ഞെടുക്കുന്നതിലേക്കായി 16.02.2019 ൽ ജലവിജ്ഞാനഭവനിൽ വച്ച നടത്തിയ ഇന്റർവ്യൂവുമായി ബന്ധപ്പെട്ട് ബിൽ നമ്പർ 237/18-19 പ്രകാരം 3000/- രൂപ ചെലവു ചെയ്തിട്ടുണ്ട്.
പ്രസ്തുത ചെലവിനായി ഭൂജല അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ചത് അംഗീകരിക്കാനാവില്ല. അതോറിറ്റിയുടെ ഫണ്ട് അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് മാത്രമായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-2 സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിലെ അപാകങ്ങൾ

ഭൂജല അതോറിറ്റി തൻ വർഷം നടത്തിയ വിവിധ ബോധവത്ക്കരണ പരിപാടികളുമായി ബന്ധപ്പെട്ടു വാങ്ങിയ സാധനസാമഗ്രികൾ അതോറിറ്റിയുടെ സ്റ്റോക്ക് രജിസ്റ്റർ വാല്യം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്റ്റോക്ക് രജിസ്റ്റർ ആധികാരികമല്ല. കെ.എഫ്.സി. വാല്യം 1, ആർട്ടിക്കിൾ 150 ൽ പ്രതിപാദിക്കും വിധം സ്റ്റോക്ക് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് ലഭ്യമായ തീയതി, എണ്ണം, വിതരണം ചെയ്ത എണ്ണം, നീക്കിയിരുപ്പ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും ഓഫീസ് തലവൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സാമ്പത്തിക നില

ജില്ലാ ഭൂജല അതോറിറ്റിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി ഭൂജലവകുപ്പ് ഡയറക്ടർ തുക അനുവദിക്കുകയും, ആയത് 2702-02-005-93 (Scheme for control and regulation of Ground Water) എന്ന ഹെഡിൽ നിന്നും ആവശ്യാനുസരണം പിൻവലിച്ച് വിനിയോഗിക്കുകയുമാണ് ചെയ്യുന്നത്. 2018-19 വർഷം ആകെ 1,43,000/- രൂപ അലോട്ട്മെന്റ് ഉണ്ടെങ്കിലും 133977/- രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്

മുന്നിരുപ്പ് : 0

വരവ് : 133977

ചെലവ് : 133977

നീക്കിയിരുപ്പ് : 0

## 4-2 ഓഡിറ്റ് ചാർജ്ജ്

ഓഡിറ്റ് കാലയളവിൽ ജില്ലാ ഭൂജല അതോറിറ്റിക്ക് ഗ്രാന്റിനത്തിലല്ലാതെ മറ്റു വരവുകൾ ഇല്ലാത്തതിനാൽ ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്നില്ല

ജോയിന്റ് ഡയറക്ടർ

## <u>അനുബന്ധം - 1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്.</u>

ഭൂജല അതോറിറ്റി തിരുവനന്തപുരം ജില്ലാ കാര്യാലയത്തിന്റെ 2018-19 വരെയുള്ള വരവ്, ചെലവ് കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുകയുണ്ടായി. സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിന് 2018-19 കാലയളവിൽ സർക്കാരിൽ നിന്നും ലഭ്യമായ ധനസഹായം വിനിയോഗിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# അനുബന്ധം – 2

## തിരുവനന്തപുരം ജില്ലാ ഭൂജല അതോറിറ്റിയുടെ 2018-19 വർഷത്തെ വരവ് ചെലവ് കണക്കുകൾ

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരുപ്പ് | 0 | ബോധവത്ക്കരണ പരിപാടികൾ | 130977 |
| വരവ് | 133977 | മറ്റു ചെലവുകൾ | 3000 |
| | | നീക്കിയിരുപ്പ് | 0 |
| ആകെ | 133977 | ആകെ | 133977 |

ജോയിന്റ് ഡയറക്ടർ